# കേരള മീഡിയ അക്കാദമി
കാക്കനാട്, കൊച്ചി-30

## പുനർ ക്വട്ടേഷൻ നോട്ടീസ്

വിഷയം:- **കേരള മീഡിയ അക്കാദമിയുടെ പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുന്നതിന് പ്രസ്സുകളുടെ പാനൽ തയ്യാറാക്കുന്നതിനായി ക്വട്ടേഷനുകൾ ക്ഷണിക്കുന്നത് സംബന്ധിച്ച്.**

സൂചന:- (1) 7.10.16-ലെ ഇതേ നമ്പർ ക്വട്ടേഷൻ നോട്ടീസ്
(2) 20.12.16-ലെ അക്കാദമി നിർവാഹകസമിതി യോഗതീരുമാനം.

---

നം.739/ഇ/2016/കെ.എം.എ — തീയതി: 03.01.2017

---

കേരള മീഡിയ അക്കാദമിയുടെ പുസ്തകങ്ങളുടെ പ്രീ പ്രസ് വർക്കിനും അച്ചടിക്കും പോസ്റ്റ് പ്രസ് വർക്കിനും പാനൽ തയ്യാറാക്കുന്നതിനായി സൂചന (1) പ്രകാരം ക്വട്ടേഷൻ നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. അതുപ്രകാരം ലഭ്യമായ ക്വട്ടേഷനുകൾ പരിശോധിച്ച നിർവാഹക സമിതി സൂചന (1) നോട്ടീസ് റദ്ദാക്കി പുനർ ക്വട്ടേഷൻ വിളിക്കാൻ തീരുമാനിച്ചു. ഈ സാഹചര്യത്തിൽ സൂചന (1) ക്വട്ടേഷൻ റദ്ദാക്കിക്കൊണ്ട് പാനൽ രൂപീകരിക്കുന്നതിനായി പ്രിന്റിങ് പ്രസ്സുകളിൽ നിന്നു താഴെ പറയുന്ന വിശദാംശങ്ങൾ ഉള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

### വിഭാഗം-1

| | | |
|---|---|---|
| സൈസ് | : | ഡിമെ 1/8 |
| കോപ്പികൾ | : | 1000+100 & 500+100 (പ്രത്യേകം പ്രത്യേകം ക്വട്ടേഷനുകൾ) |
| പുറം ചട്ട | : | 4 കളർ, 300ജി എസ് എം ആർട്ട് കാർഡ്, മാറ്റ് ലാമിനേഷൻ |
| ഉൾപ്പേജുകൾ (ആവറേജ്) | : | (എ) 152 പേജുകൾ, സിംഗിൾ കളർ പ്രിന്റിങ്, 80 ജി എസ് എം, നാച്ചുറൽ ഷേഡ് മാപ് ലിത്തോ-പേപ്പർ.<br><br>(ബി) 152 പേജുകൾ, മൾട്ടി കളർ പ്രിന്റിങ്, 80 ജി എസ് എം, നാച്ചുറൽ ഷേഡ് മാപ്ലിത്തോ-പേപ്പർ. |
| പ്രിന്റിങ് ചാർജിൽ വരുന്ന കുറവ്/ കൂടുതൽ | : | 8 പേജ് വീതം ( കൂടുതൽ/ കുറവ്) |
| ബൈൻഡിങ് | : | പെർഫെക്റ്റ് ബൈൻഡിങ് |
| പാക്കിങ് | : | 5 ബുക്കിന്റെ ഒരു ബണ്ടിൽ വീതം. |
| അച്ചടിച്ച് ലഭ്യമാക്കേണ്ട സ്ഥലം | : | കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി-30 |

### വിഭാഗം-2

| | | |
|---|---|---|
| ഡി.റ്റി.പി. ചാർജ്- പേജ് ഒന്നിന് | : | അക്കാദമി തരുന്ന മാറ്ററിനെ/ ചിത്രങ്ങളെ അടിസ്ഥാനമാക്കി (രണ്ട് പ്രൂഫ് ലഭ്യമാക്കണം) |
| ലേ-ഔട്ട് ഡിസൈനിങ് ചാർജ്-പേജ് ഒന്നിന് | : | അക്കാദമി തരുന്ന മാറ്ററിനെ അടിസ്ഥാനമാക്കി (രണ്ട് പ്രൂഫ് ലഭ്യമാക്കണം) |
| കവർ ഡിസൈനിങ് ചാർജ് | : | അക്കാദമി നൽകുന്ന ഡിസൈൻ/ ആശയം/ചിത്രം എന്നിവ പ്രകാരം |

മുകളിൽ പറഞ്ഞിരിക്കുന്ന വിശദാംശങ്ങളുള്ള ക്വട്ടേഷനുകൾ 19.01.2017ന് പകൽ മൂന്നു മണിക്കു മുമ്പായി സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി-30 എന്ന വിലാസത്തിൽ ലഭിക്കണം. വിഭാഗം (1), (2) പ്രകാരം പ്രത്യേകം ക്വട്ടേഷനുകൾ ലഭ്യമാക്കണം. ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം വൈകീട്ട് 4 മണിക്ക് ഹാജരുള്ള ക്വട്ടേഷൻ ഉടമകളുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ലഭിക്കുന്ന ക്വട്ടേഷനുകളിൽ ഒന്നോ, മുഴുവനായോ പ്രത്യേക കാരണങ്ങൾ കൂടാതെ നിരാകരിക്കാനും ഈ ക്വട്ടേഷൻ നോട്ടീസ് റദ്ദാക്കാനും അക്കാദമിക്ക് / സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കും. ക്വട്ടേഷനുകളിലെ നിരക്ക്, അച്ചടിയുടെ/ പ്രസ്സിന്റെ ഗുണനിലവാരം എന്നിവ സംബന്ധിച്ച വിലയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ള അക്കാദമി സെക്രട്ടറിയുടെ തീരുമാനം അന്തിമമായിരിക്കും. പാനലിന്റെ കാലാവധി ഒരു വർഷമായിരിക്കും. ഉചിതമെങ്കിൽ കാലാവധി നീട്ടുന്നതിന് അക്കാദമിക്ക് / സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കും.

സെക്രട്ടറി

പകർപ്പ്:
(1) അക്കാദമി വെബ്സൈറ്റ്, സംക്ഷിപ്ത പത്രക്കുറിപ്പ് എന്നിവയ്ക്ക്.
(2) അക്കാദമി നോട്ടീസ് ബോർഡ്
(3) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ,
ഐ & പിആർഡി, എറണാകുളം ( ഉപരിപത്രം സഹിതം)
(4) സ്റ്റോക്ക് ഫയൽ
(5) ഫയൽ കോപ്പി.